"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും വിതരണവും - 27.02.2024 തീയതിയിലെ സ.ഉ.(കൈ) നം. 31/2024/LSGD ഉത്തരവ് താൽക്കാലികമായി മരവിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.133/2024/LSGD തീയതി,തിരുവനന്തപുരം, 15-10-2024

പരാമർശം:- സ.ഉ(കൈ) നം. 31/2024/LSGD തീയതി 27.02.2024

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് ആവശ്യമായ സാധനസാമഗ്രികളുടെ വാങ്ങൽ നടപടികൾ സംബന്ധിച്ച്, പരാമർശ ഉത്തരവ് പ്രകാരം പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ സാധനങ്ങളുടെ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടത് ബ്ലോക്ക് തലത്തിലായതിനാൽ പദ്ധതികൾക്കാവശ്യമായ നിർമ്മാണ സാമഗ്രികൾ സമയബന്ധിതമായി ലഭിക്കുന്നതിന് തടസ്സമുണ്ടെന്നും ആയതിനാൽ ടെണ്ടർ നടപടികൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ തന്നെ നിലനിർത്തണമെന്നും ആവശ്യപ്പെട്ട് കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷനും വിവിധ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരും സർക്കാരിനെ സമീപിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശ ഉത്തരവ്, പദ്ധതി നിർവ്വഹണത്തിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവ് താൽക്കാലികമായി മരവിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണം,തിരുവനന്തപുരം

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്

ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്

എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ

മുഖേന)

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 15-10-2024 12:51:30

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി